പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2030 26-10-2026-ൽ മറുപടിയ്ക്ക്

കരുവേലിപ്പടി, ഫോർട്ട് കൊച്ചി ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പ്രതിദിനം 900 മുതൽ 1000 വരെ രോഗികൾ ഒ.പി. വിഭാഗത്തിൽ എത്തുന്ന കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നിലവിൽ നാല് സി.എം.ഒ. തസ്തികകൾ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ രോഗീബാഹുല്യം പരിഗണിച്ച് ആശുപത്രിയിലേക്ക് രണ്ട് സി.എം.ഒ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ കൂടി അധികമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നിലവിൽ അസിസ്റ്റന്റ് സർജൻ /കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ നാല് എണ്ണമാണുള്ളത്. കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകൾ കൂടി സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) കരുവേലിപ്പടി ആശുപത്രിയിൽ പുതിയ പോസ്റ്റ്മോർട്ടം റൂം സജ്ജമായി വരുന്ന പശ്ചാത്തലത്തിൽ പോസ്റ്റ്മോർട്ടം നടപടികൾ തടസ്സമില്ലാതെ നടത്തുന്നതിനായി ഒരു 'ഫോറൻസിക് സർജൻ' തസ്തിക പുതുതായി സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകുമോ;

മറുപടി: നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഫോറൻസിക് സർജൻ തസ്തിക ജില്ലാതല ആശുപത്രികളിൽ മാത്രമാണ് നിഷ്കർഷിച്ചിട്ടുള്ളത്. കേരള മെഡിക്കോ ലീഗൽ കോഡ് പ്രകാരം മെഡിക്കോ ലീഗൽ ജോലികൾ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ളതും മോർച്ചറി സൗകര്യമുള്ളതുമായ സ്ഥാപനങ്ങളിലാണ് പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്തേണ്ടത്. കൂടാതെ കേരളം സർക്കാർ നിയമന പ്രകാരം സേവനമനുഷ്ഠിക്കുന്ന എല്ലാ പോലീസ് സർജൻമാർക്കും ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്കും മെഡിക്കോ ലീഗൽ പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്തുന്നതിന് അധികാരമുണ്ട്.

(സി) കരുവേലിപ്പടി ആശുപത്രിയിൽ പുതിയൊരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു മനോരോഗവിദഗ്ധന്റെ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

മറുപടി: കരുവേലിപ്പടി ആശുപത്രിയിലെ പുരുഷന്മാരുടെ പഴയ വാർഡ് വിമുക്തി ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ പ്രസ്തുത വാർഡിൽ ആവശ്യമായ മോഡിഫിക്കേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് എടുക്കുന്നതിന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡീ അഡിക്ഷൻ സെന്ററിലേയ്ക്ക് വേണ്ട സ്റ്റാഫ് പാറ്റേൺ പ്രൊപ്പോസൽ എറണാകുളം വിമുക്തി മാനേജർക്ക് നൽകിയിട്ടുണ്ട്.

(ഡി) കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ രാത്രി സമയങ്ങളിൽ ആംബുലൻസ് ഓടിക്കുന്നതിന് ഡ്രൈവർമാർ ഇല്ലാത്തതുമൂലം അടിയന്തര ഘട്ടങ്ങളിൽ രോഗികളെ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, രാത്രികാലങ്ങളിൽ ആംബുലൻസ് ഡ്രൈവർമാരുടെ സേവനം ഉറപ്പാക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കാമോ;

മറുപടി: കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ ഡ്രൈവർമാരുടെ ഓരോ തസ്തികയാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇത് കൂടാതെ കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു ഡ്രൈവറെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആശുപത്രി മാനേജ്മേന്റ് കമ്മിറ്റിയിൽ നിന്നും ഒരു ഡ്രൈവറെ അധികമായി നിയമിച്ചിട്ടുണ്ട്. നിലവിൽ ഈ സ്ഥാപനങ്ങളിൽ രണ്ട് ഡ്രൈവർമാരുടെ സേവനം ലഭ്യമാണ്. രാത്രികാലങ്ങളിൽ സർക്കാർ ആംബുലൻസിന്റെ സേവനം നൽകുവാൻ കഴിയാത്ത അവസരത്തിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കാറുണ്ട്.

(ഇ) ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ട രണ്ട് ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് തസ്തികകളിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നതും സ്ഥിരം ഇ.എൻ.ടി. ഡോക്ടർ തസ്തിക ഇല്ലാതിരുന്നിട്ടും എൻ.എച്ച്.എം. സർജൻ വഴി ഒ.പി.യും സർജറിയും നടക്കുന്നതിനാൽ സേവനം ശാശ്വതമാക്കാൻ ഒരു ജൂനിയർ കൺസൾട്ടന്റ്, ഒരു കൺസൾട്ടന്റ് ഇ.എൻ.ടി. തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയും അറ്റൻഡർ ഗ്രേഡ്-2 വിഭാഗത്തിൽ 18-ൽ 10 തസ്തികകളും ഒഴിഞ്ഞുകിടക്കുന്നത് മൂലം ശുചീകരണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗൈനക്കോളജിസ്റ്റ്, അറ്റൻഡർ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും പുതിയ ഇ.എൻ.ടി. തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ